## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 859 13-06-2012-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായ പദ്ധതി**

**ചോദ്യം** **ഉത്തരം**

ശ്രീ. എം.ഷംസുദ്ദീൻ

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്വാശ്രയ ജനറൽ നഴ്സിംഗ് കോഴ്സ് പഠനത്തിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; | (എ) & (ബി) ഉണ്ട്. മെരിറ്റ് ക്വാട്ടയിൽ സ്വാശ്രയനഴ്സിംഗ് പരിശീലന സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിലുള്ള ഫീസ് എന്നിവയും ഹോസ്റ്റൽ അന്തേവാസികൾക്ക് ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജും പോക്കറ്റ്മണിയും നൽകിവരുന്നു. |
| (ബി) എങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇത്തരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | |
| (സി) ഇവർക്ക് ആനുകൂല്യം നൽകുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ലെങ്കിൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ താഴ്ന്ന വരുമാനക്കാരായ കുട്ടികൾക്ക് സ്വാശ്രയ ജനറൽ നേഴ്സിംഗ് പഠനത്തിന് മറ്റു വിദ്യാർത്ഥികൾക്കെന്ന പോലുള്ള ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെരിറ്റ് / റിസർവേഷൻ / മാനേജ്മെന്റ് ക്വാട്ട എന്നീ മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ ടി ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.